# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2567** **21/06/2012 ൽ മറുപടിക്ക്**

## സ്കൂളുകളിൽ ഐ.ടി. പഠനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം: | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഐ.ടി. പഠനം സുഗമമാക്കുന്നതിനായി എന്തൊക്കെ സൗകര്യങ്ങളാണ് എൽ.പി. തലം മുതൽ സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ ; | എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഐടി പഠനവും ഐ.സി.ടി അധിഷ്ഠിത പഠനവും സുഗമമാക്കുന്നതിനായി വിവിധ സൗകര്യങ്ങളാണ് ഐ.ടി @ സ്കൂൾ പ്രോജക്ട് ഏർപ്പെടുത്തിയിട്ടുള്ളത്. 2005 മുതൽ എസ്.എസ്.എൽ.സിക്ക് ഐ.ടി എഴുത്തുപരീക്ഷയും പ്രായോഗിക പരീക്ഷയും ഫലപ്രദമായി നടത്തിവരുന്നുണ്ട്. ഈ അധ്യയന വർഷം ഐ.ടി പഠനത്തിനായി ലോവർ പ്രൈമറി സ്കൂളുകൾക്ക് പ്രത്യേക ഐ.സി.ടി പാഠപുസ്തകം തയ്യാറാക്കി ലഭ്യമാക്കുന്നുണ്ട്. ലോവർ പ്രൈമറി പ്രഥമാധ്യാപകർക്ക് ഐ.സി.ടി അധിഷ്ഠിത പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് പ്രത്യേക പരിശീലനം നൽകിക്കഴിഞ്ഞു. അപ്പർ പ്രൈമറി ക്ലാസുകളിൽ ഐ.ടി പഠനം നടത്തുന്നതിനായി വിദ്യാർത്ഥികൾക്ക് പഠനസഹായിയും അധ്യാപകർക്ക് ഐ.ടി. പരിശീലനവും നൽകിയിട്ടുണ്ട്. സർക്കാർ/എയ്ഡഡ് മേഖലയിലെ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും, ലാപ്ടോപ്പ്, നെറ്റ്ബുക്ക്, പ്രിന്റർ, സ്കാനർ, മൾട്ടി മീഡിയാ പ്രൊജക്ടർ, ജനറേറ്റർ, ഡിജിറ്റൽ ക്യാമറ, ബ്രോഡ്ബാന്റ് ഇന്റർനെറ്റ് കണക്ഷൻ ഈ സ്കീമിനു കീഴിൽ വരുന്ന സ്കൂളുകൾക്ക് ലഭ്യമാക്കൽ, അധ്യാപക പരിശീലനം നൽകൽ, ഈ സ്കീമിന്റെ മോണിറ്ററിംഗ്, |

ഉള്ളടക്ക വിന്യാസം തുടങ്ങിയവയും ഐ.ടി. പഠനം സുഗമമാക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങളാണ്.

| | | | |
|---|---|---|---|
| ബി) | കേന്ദ്ര സർക്കാരിന്റെ ധന സഹായത്തോടെ സ്കൂളുകൾക്ക് കംപ്യൂട്ടർ, എൽ. സി.ഡി. പ്രൊജക്ടർ എന്നിവയും ലാപ്ടോപ്പും അടങ്ങുന്ന മൾട്ടിമീഡിയ സംവിധാനങ്ങൾ നൽകുന്നതിന് ഏതെങ്കിലും പദ്ധതികൾ സർക്കാർ നടപ്പാക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | ബി) | ഉണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.സി.ടി @ സ്കൂൾ സ്കീം-I പ്രകാരം സംസ്ഥാനത്തെ 1016 സർക്കാർ ഹൈസ്കൂളുകളെ 2007-08 മുതൽ ഈ സ്കീമിന് കീഴിൽ കൊണ്ടു വന്നു. 2008-09-ൽ ആരംഭിച്ച ഐ.സി.ടി @ സ്കൂൾ സ്കീം-II പ്രകാരം സംസ്ഥാനത്തെ 3055 എയ്ഡഡ് ഹൈസ്കൂളുകളെയും സർക്കാർ/എയ്ഡഡ് ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തെയും ഈ സ്കീമിന് കീഴിൽ കൊണ്ടുവരികയുണ്ടായി. കേന്ദ്രസർക്കാരിന്റെ ധനസഹായത്തോടെ മുകളിൽ സൂചിപ്പിച്ച രണ്ടു പദ്ധതികൾ പ്രകാരം ഈ സ്കൂളുകൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും, ലാപ്ടോപ്പ്, നെറ്റ്ബുക്ക്, പ്രിന്റർ, സ്കാനർ, ജനറേറ്റർ, ഡിജിറ്റൽ ക്യാമറ, ബ്രോഡ്ബാന്റ് ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കൽ, അധ്യാപക പരിശീലനം, ഈ സകീം നടത്തിപ്പിന്റെ മോണിറ്ററിംഗ്, ഉള്ളടക്കം വിന്യാസം തുടങ്ങിയ കാര്യങ്ങൾ ഇപ്പോൾ സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്നു |

സെക്ഷൻ ഓഫീസർ